സംസ്ഥാനത്തിന്റെ കടബാദ്ധ്യത

12 [187] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയായിരുന്നുവെന്നും പ്രസ്തുത കടത്തിന്റെ ശരാശരി പലിശനിരക്ക് എത്ര രൂപയായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ കടബാദ്ധ്യത ആകെ എത്രയാണെന്നും ഇപ്പോൾ കടത്തിന്റെ ശരാശരി പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയിൽ 1995-96 മുതൽ 2004-2005 വരെയുണ്ടായ വർദ്ധനയുടെ പ്രതിവർഷ നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) 1995-96 മുതൽ ഓരോ വർഷവും എത്ര തുക വീതം കടം തിരിച്ചടവിനായി ഉപയോഗിച്ചിട്ടുണ്ടെന്നും ഇത് സംസ്ഥാന ജി.ഡി.പി.-യുടെ എത്ര ശതമാനം വീതമായിരുന്നുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാനത്തിന്റെ പൊതുകടം 23,919 കോടി രൂപ ആയിരുന്നു.

മാർക്കറ്റ് ലോണുകൾ—5.75% മുതൽ 13.85% വരെ

കേന്ദ്ര സർക്കാർ വായ്പകൾ—6.25% മുതൽ 15% വരെ

എൽ.ഐ.സി.—8% മുതൽ 13% വരെ

ജി.ഐ.സി.—8.5% മുതൽ 13% വരെ

നബാർഡ്—6% മുതൽ 8% വരെ

എൻ.സി.ഡി.സി.—7.75% മുതൽ 16.75% വരെ

(ബി) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളു. ടി താൽക്കാലിക കണക്കു പ്രകാരം സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പൊതുകടം 40,191.37 കോടി രൂപയാണ്. കടങ്ങൾക്ക് നൽകേണ്ടിവരുന്ന പലിശ നിരക്ക് താഴെകാണും വിധമാണ്:

കേന്ദ്ര സർക്കാർ വായ്പകൾ—6.25% മുതൽ 15% വരെ

എൽ.ഐ.സി.—8% മുതൽ 14% വരെ

ജി.ഐ.സി.—8% മുതൽ 14% വരെ

നബാർഡ്—6% മുതൽ 8.5% വരെ

എൻ.സി.ഡി.സി.—7.75% മുതൽ 16.75% വരെ

മാർക്കറ്റ് ലോൺ—5.9% മുതൽ 14% വരെ

LIBRARY ARCHIVES Kerala Legislative Assembly

(സി) (രൂപ കോടിയിൽ)

വർഷം	വർദ്ധനവ്	ശതമാനം
1995-1996	1292	14.65
1996-1997	1308	12.93
1997-1998	1447	12.67
1998-1999	2832	22.01
1999-2000	4476	28.51
2000-2001	3743	18.55
2001-2002	3031	12.67
2002-2003	4110	15.25
2003-2004*	6392	20.58

(ഡി) (രൂപ കോടിയിൽ)

വർഷം	തിരിച്ചടവ്	ജി.ഡി.പി. ശതമാനം
1995-1996	2502	6.45
1996-1997	2763	6.21
1997-1998	3483	7.04
1998-1999	6195	11.01
1999-2000	10224	16.35
2000-2001	11734	16.99
2001-2002	12785	16.78
2002-2003	17435	21.57
2003-2004**	17470	19.37

സംസ്ഥാന സർക്കാരിന്റെ പൊതുകടം

13 [188] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ എം. കുമാരൻ:
„ ബിനോയ് വിശ്വം:
„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇതുവരെയുള്ള പൊതുകടം എത്രയെന്നും 2001 മേയ് മുതൽ 2004 ഡിസംബർ വരെയുള്ള കാലയളവിലെ പൊതുകടം എത്ര യാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് സർക്കാർ കടം വാങ്ങിയിട്ടുള്ളത്;

(സി) 2001 മേയ് മാസത്തിനു മുമ്പുള്ള പൊതുകടം എത്രയെന്നും ഇതിൽ എത്ര സംഖ്യ തിരിച്ചടച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

---

* താൽക്കാലിക കണക്കുകൾ

** എ.ജി.-യുടെ താൽക്കാലിക കണക്കുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly